بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 06.03.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

**ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## നബി(സ) തിരുമേനിയുടെ മഹോന്നത പദവിയിലുള്ള ബദരീ സ്വഹാബി ഹദ്റത്ത് **മുസഅബ് ബിൻ ഉമൈർ** رضي الله عنه വിന്റെ വിശ്വാസദീപ്തമായ വിവരണങ്ങൾ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് മിസ്അബു ബിൻ ഉമൈർ رضي الله عنه നെ കുറിച്ചായിരുന്നു വിവരിച്ചുകൊണ്ടിരുന്നത്. അതിന്റെ തുടർന്നുള്ള ഭാഗം ഇന്ന് വിവരിക്കുന്നതാണ്.

ഹദ്റത്ത് മിസ്അബുബ്നു ഉമൈർ رضي الله عنه നെ മദീനയിലേക്കു മുബല്ലിഗായി അയച്ചതിനെക്കുറിച്ചും അദ്ദേഹത്തിന്റെ സേവനങ്ങളെക്കുറിച്ചും വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه വിവരിക്കുന്നു: ഹജ്ജ് സമയത്ത് അറേബ്യയുടെ നാനാ ഭാഗത്തുനിന്നും ആളുകൾ ഹജ്ജ് നിർവഹിക്കുന്നതിനായി എത്തിക്കൊണ്ടിരുന്നു. എവിടെയെങ്കിലും കുറച്ചാളുകൾ ഒരുമിച്ചു നിൽക്കുന്നത് കണ്ടാൽ അവരോട് തൗഹീദിനെക്കുറിച്ചു പറയുകയും അല്ലാഹുവിന്റെ രാജാധികാരത്തെക്കുറിച്ചറിയിക്കുകയും ചെയ്യുക എന്നത് നബി ﷺ തിരുമേനിയുടെ പതിവായിരുന്നു. അവരെ ദുഷ്കൃത്യങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും മറ്റു വിദ്രോഹ പ്രവർത്തനങ്ങളിൽനിന്നും വിട്ടുനിൽക്കാൻ ഉപദേശിക്കുയും ചെയ്യുമായിരുന്നു. അങ്ങനെ മിനായുടെ താഴ്‌വരയിലൂടെ നടന്നുകൊണ്ടിരിക്കുമ്പോൾ മദീനാവാസികളായ ഏതാനും ആളുകളെ അവിടന്ന് കാണാനിടയായി. നിങ്ങൾ ഏതു ഗോത്രത്തിൽപ്പെട്ടവരാണെന്ന് അവരോടു ചോദിച്ചു. ഖസ്റജ് ഗോത്രത്തിൽ നിന്നാണെന്ന് അവർ മറുപടി പറഞ്ഞു. യഹൂദികളുടെ സഖ്യകക്ഷികളിൽപ്പെട്ട അതേ ഗോത്രമല്ലേ എന്ന് തിരുനബി ﷺ ചോദിച്ചു. അതെ, എന്നവർ മറുപടി പറഞ്ഞു. അവിടന്ന് ചോദിച്ചു: നിങ്ങൾക്ക് അല്പ നേരമിരുന്ന് എന്റെ വാക്കുകൾ കേൾക്കാൻ സാധിക്കുമോ? അവർ മുമ്പെ നബി ﷺ തിരുമേനിയെക്കുറിച്ചും തിരുമേനിയുടെ വാദത്തെക്കുറിച്ചും കേട്ടിരുന്നു. അതുകൊണ്ടുതന്നെ അവർക്ക് അതിനെക്കുറിച്ചറിയാൻ താല്പര്യമുണ്ടായിരുന്നു. അവർ നബി ﷺ തിരുമേനിയുടെ കൂടെയിരുന്ന് കാര്യങ്ങൾ കേൾക്കാൻ തുടങ്ങി. ദൈവരാജ്യം വരാൻ പോകുന്നുവെന്ന് അവരോടു പറഞ്ഞു. ബിംബങ്ങൾ ഈ ലോക ത്തു നിന്നും ഉന്മൂലനം ചെയ്ത് തൗഹീദ് സ്ഥാപിക്കപ്പെടുന്നതാണ്. നന്മയും ഭക്തിയും ലോകത്ത് വീണ്ടും സ്ഥാപിതമാകുന്നതാണ്. മദീനയിലെ ആളുകൾ ഈ അതി മഹത്തായ അനുഗ്രഹത്തെ സ്വീകരിക്കാൻ തയ്യാ റാണോ. അവർ പറഞ്ഞു: താങ്കളുടെ സന്ദേശം സ്വീകരിക്കാൻ തയ്യാറാണ്. മദീനയിലെ ആളുകൾ ഇസ്‌ലാമിന് അഭയം നല്കുവാൻ തയ്യാറാണോ എന്ന കാര്യത്തെക്കുറിച്ച് ഞങ്ങൾ നാട്ടിൽ പോയി സമുദായത്തിലുള്ളവരോട് ചോദിച്ചതിനുശേഷം അടുത്ത വർഷം തീരുമാനമറിയിക്കാം. അവർ പോയി അവരുടെ ബന്ധുക്കളോടും സുഹൃത്തുക്കളോടും തിരുമേനിയുടെ അധ്യാപനങ്ങളെക്കുറിച്ച് പറഞ്ഞു. യഹൂദികളുമായി ബന്ധമുള്ളതിനാൽ ഔസും ഖസ്റജും ബൈബിളിലെ പ്രവചനങ്ങൾ കേൾക്കാറുണ്ടായിരുന്നു. യഹൂദികൾ അവരുടെ പ്രയാസങ്ങൾ വിവരിക്കുമ്പോൾ അവസാനം പറയുമായിരുന്നു: മൂസാ നബിക്കു സദൃശ്യനായ ഒരു പ്രവാചകന്റെ വരവ് സമീപസ്ഥമാണ്. ആ പ്രവാചകൻ വന്നുകഴിഞ്ഞാൽ ലോകത്ത് ഒരിക്കൽകൂടി നാം വിജയിക്കുന്നതാണ്. യഹൂദികളുടെ എതിരാളികൾ നശിച്ചു പോകുന്നതാണ്. മദീനാവാസികൾ ആ ഹാജികളിൽ നിന്നും നബി ﷺ തിരുമേനിയുടെ വാദത്തെക്കുറിച്ചു കേട്ടു കഴിഞ്ഞപ്പോൾ തിരുമേനിയുടെ സത്യത അവരുടെ ഹൃദയത്തിൽ കുടിയിരുന്നു. അവർ പറഞ്ഞു: ഇത് യഹൂദികൾ പറഞ്ഞുകൊണ്ടിരുന്ന അതേ നബിയാണെന്നു തോന്നുന്നു. ഇതുകേട്ട് നിരവധി യുവാക്കൾ തിരുനബി ﷺ യുടെ അധ്യാപനങ്ങളിൽ സ്വാധീനരായി. അങ്ങനെ യഹൂദികളിൽനിന്നും കേട്ട പ്രവചനങ്ങൾ വിശ്വാസികളാകാൻ അവർക്ക് സഹായകമായി. അങ്ങനെ അടുത്ത വർഷവും ഹജ്ജിനായി മദീനയിലെ ആളുകൾ എത്തിച്ചേർന്നു. ഇപ്രാവശ്യം പന്ത്രണ്ടാളുകൾ നബി ﷺ യുടെ മതത്തിൽ ചേരുന്നതാണെന്ന തീരുമാനത്തോടെ മദീനയിൽനിന്നും പുറപ്പെട്ടു. അതിൽ പത്തു പേർ ഖസ്റജ് ഗോത്രത്തിൽ നിന്നുള്ളവരും രണ്ടു പേർ ഔസ് ഗോത്രത്തിൽ നിന്നുള്ളവരുമായിരുന്നു. മിനായിൽ വച്ചാണ് അവർ കണ്ടുമുട്ടിയത്. നബി ﷺ യുടെ കയ്യിൽ അവർ അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനെയും ആരാധിക്കുകയില്ല, നീചകൃത്യങ്ങൾ ചെയ്യുകയില്ല, തങ്ങളുടെ പെൺമക്കളെ കൊലചെയ്യുകയില്ല, പരസ്പരം ദുരാരോപണം നടത്തുകയില്ല, അല്ലാഹുവിന്റെ പ്രവാചകന്മാരോടും അധ്യാപനങ്ങളോടും അനാദരവു കാണിക്കുകയില്ല എന്ന കാര്യങ്ങളിൽ പ്രതിജ്ഞ ചെയ്തു.

അവർ തിരിച്ചുപോയി തങ്ങളുടെ സമുദായത്തിൽ കൂടുതൽ ശക്തമായ തബ്‌ലിഗ് ആരംഭിച്ചു. മദീനയിലെ വീടുകളിൽനിന്നും വിഗ്രഹങ്ങളെടുത്ത് വെളിയിലെറിയാൻ തുടങ്ങി. വിഗ്രഹങ്ങൾക്കു മുമ്പിൽ തലകുനിച്ചിരുന്നവർ തലയുയർത്തി നടക്കാൻ തുടങ്ങി. അല്ലാഹുവിന്റെ മുമ്പിലല്ലാതെ മറ്റാരുടെയും മുമ്പിൽ തല കുനിക്കാൻ അവർ തയ്യാറായില്ല. നൂറ്റാണ്ടുകളായിട്ടുള്ള സൗഹൃദത്തിലൂടെയും നൂറ്റാണ്ടുകളോളമുള്ള പ്രബോധനത്തിലൂടെയും ഉണ്ടാക്കിയെടുക്കാൻ സാധിക്കാത്ത മാറ്റം ഏതാനും ദിവസങ്ങൾക്കൊണ്ട് ഇസ്‌ലാമിനുണ്ടാക്കാൻ സാധിച്ചു എന്ന കാര്യത്തിൽ യഹൂദികൾ അത്ഭുതപ്പെട്ടു. തൗഹീദിനെക്കുറിച്ചുള്ള ഉപദേശങ്ങൾ മദീനാവാസികളുടെ ഹൃദയങ്ങളിൽ കുടികൊണ്ടിരുന്നു. ഞങ്ങൾക്ക് ദീൻ പഠിപ്പിച്ചു തരിക എന്ന് ഓരോരുത്തരും വന്ന് മുസ്‌ലിംകളോട് പറയുമായിരുന്നു. മദീനാവാസികൾ ഇസ്‌ലാമിന്റെ അധ്യാപനങ്ങളെക്കുറിച്ച് തികഞ്ഞ അറിവുള്ളവരായിരുന്നില്ല. മാത്രമല്ല ആയിരക്കണക്കിന് ആളുകൾക്ക് ഇസ്‌ലാമിനെക്കുറിച്ച് വിശദമായി പറഞ്ഞുകൊടുക്കുവാൻ സാധിക്കുന്നത്ര അംഗസംഖ്യയും ഇല്ലായിരുന്നു. അതുകൊണ്ട് അവർ ഒരു മുബല്ലിഗിനെ ആവശ്യപ്പെട്ടുകൊണ്ട് മക്കയിലേക്ക് ആളയച്ചു. നബി ﷺ മിസ്അബുബ്നു ഉമൈറിനെ മദീനയിലേക്ക് പ്രബോധനത്തിനായി അയച്ചു. അദ്ദേഹം ഹബ്ശയിൽനിന്നും ഹിജറത്ത് ചെയ്ത് എത്തിയതായിരുന്നു. തബ്‌ലീഗിനായി മക്കക്കു പുറമേ അയക്കപ്പെട്ട ആദ്യത്തെ വ്യക്തിയായിരുന്നു മിസ്അബ് ؓ

ഹിജ്റത്തിനുള്ള കല്പന ലഭിച്ചപ്പോൾ നബി ﷺ തിരുമേനി മദീനയിലേക്കു പോയി. മദീനയിലെത്തിയപ്പോൾ നബി ﷺ ഹദ്റത്ത് മിസ്അബുബ്നു ഉമൈറിനും ഹദ്റത്ത് അയ്യൂബ് അൻസ്വാരിക്കുമിടയിൽ സാഹോദര്യബന്ധം ഉണ്ടാക്കി. ഹദ്റത്ത് മിസ്അബുബ്നു ഉമൈർ ബദർ ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ബദർ ഉഹദ് യുദ്ധങ്ങളിൽ മുഹാജിറുകളുടെ വലിയ പതാക നബി ﷺ തിരുമേനി മിസ്അബുബ്നു ഉമൈറിന്റെ കൈകളിൽ നൽകിയിരുന്നു.

ഉഹദുയുദ്ധത്തിൽ ഹദ്റത്ത് മിസ്അബുബ്നു ഉമൈർ ശഹീദായി. നബി ﷺ യുടെ മുന്നിൽ നിന്നു പോരാടിക്കൊണ്ടാണ് അദ്ദേഹം ശഹീദായത്. ഉഹദു യുദ്ധത്തിൽ നായകനായിക്കൊണ്ട് പതാകയുടെ സംരക്ഷണം അർഹിക്കുംവിധം നിറവേറ്റി എന്ന് ചരിത്രത്തിൽ കാണുന്നു. ഉഹദു യുദ്ധത്തിൽ ഇബ്നു ഖമീഅ (ابن قميئه) കുതിരപ്പുറത്തേറി ആക്രമിച്ച് മിസ്അബുബ്നു ഉമൈറിന്റെ പതാകയേന്തിയിരുന്ന വലതുകൈ വെട്ടമാറ്റി. അപ്പോൾ ഹദ്റത്ത് മിസ്അബ് وَمَا مُحَمَّدٌ اِلَّا رَسُوْلٌ ۚ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ ആയത്ത് ഓതിക്കൊണ്ട് പതാക ഇടതു കയ്യിലെടുത്തു. അപ്പോൾ ഇബ്നു ഖമീഅ ആക്രമിച്ച് ഇടതുകയ്യും വെട്ടിമാറ്റി. അപ്പോൾ അദ്ദേഹം ഇരുകൈത്തണ്ടകളുംകൊണ്ട് ഇസ്‌ലാമിന്റെ പതാക നെഞ്ചോടു ചേർത്തു പിടിച്ചു. ഇബ്നു ഖമീഅ മൂന്നാമതും കുന്തം കൊണ്ട് ആക്രമിച്ചു. മിസ്അബിന്റെ നെഞ്ചിൽ കുത്തിയിറക്കി. കുന്തമുനയൊടിഞ്ഞു. മിസ്അബ് താഴെ വീണു. മറ്റു മുസ്‌ലിംകൾ ഉടനെ മുന്നോട്ടു വന്ന് പതാക കയ്യിലെടുത്തു. മിസ്അബ് രൂപംകൊണ്ട് നബി ﷺ തിരുമേനിയോട് രൂപസാദൃശ്യമുള്ളയാളായിരുന്നു. അതുകൊണ്ടു തന്നെ ഞാൻ മുഹമ്മദ് ﷺ നെ വധിച്ചിരിക്കുന്നുവെന്ന് ഇബ്നു ഖമീഅഃ ധരിച്ചു. അല്ലെങ്കിൽ അത് അയാളുടെ ഒരു കുതന്ത്രവുമാകാം. മിസ്അബ് ശഹീദായി വീണപ്പോൾ അയാൾ ഒച്ചവച്ചുകൊണ്ടു പറഞ്ഞു: ഞാൻ മുഹമ്മദ് ﷺ നെ വധിച്ചിരിക്കുന്നു. ഉഹദ് യുദ്ധത്തിൽ മുസ്‌ലിംകൾ പതറാൻ ഇതും ഒരു വലിയൊരു കാരണമായിരുന്നു. എന്നാൽ വീണ്ടും അവർ ഒന്നിക്കുകയുണ്ടായി. ശഹീദാകുമ്പോൾ ഹദ്റത്ത് മിസ്അബിന്റെ പ്രായം നാല്പതോ അല്പം കൂടുതലോ ആയിരുന്നു.

നബി ﷺ തിരുമേനി ഹദ്റത്ത് മിസ്അബിന്റെ മൃതശരീരത്തിനടുത്തെത്തിയപ്പോൾ അദ്ദേഹത്തിന്റെ ശരീരം മുഖം പൊത്തിക്കിടക്കുന്ന അവസ്ഥയിലായിരുന്നു. നബി ﷺ തിരുമേനി അതിന്റെ സമീപത്തു നിന്നുകൊണ്ട് ഈ ആയത്ത് ഓതി.

مِنَ الْمُؤْمِنِيْنَ رِجَالٌ صَدَقُوْا مَا عَاهَدُوا اللّٰهَ عَلَيْهِ ۚ فَمِنْهُمْ مَّنْ قَضٰى نَحْبَهٗ وَمِنْهُمْ مَّنْ يَّنْتَظِرُ ۖ وَمَا بَدَّلُوْا تَبْدِيْلًا ﴿٢٤﴾

അതായത് അല്ലാഹുവുമായി ചെയ്ത കരാർ പാലിച്ച ചിലയാളുകൾ ആ സത്യവിശ്വാസികളിലുണ്ട്. അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു. മറ്റു ചിലർ അതിനായി അവസരം പാർത്തിരിക്കുകയുമാണ്. അവർ തങ്ങളുടെ നിലപാടിൽ ഒരു മാറ്റവും വരുത്തിയിട്ടുമില്ല. (അൽ അഹ്സാബ് - 24)

അതിനു ശേഷം പറഞ്ഞു: ان رسول الله يشهد انكم الشهداء عند الله يوم القيامة (ഇന്ന റസൂലുല്ലാഹ യശ്ഹദു അന്നകുമുശ്ശുഹദാഅ ഇന്ദല്ലാഹി യൗമൽ ഖിയാമഃ) നിങ്ങൾ ഖിയാമത്തുനാളിലും അല്ലാഹുവിന്റെയടുക്കൽ ശഹീദുകളായിരിക്കും എന്നതിന് അല്ലാഹുവിന്റെ റസൂൽ സാക്ഷിയാണ്. ശേഷം അവിടന്ന് സ്വാഹാബാക്കളോട് പറഞ്ഞു: അദ്ദേഹത്തെ സന്ദർശിക്കുകയും സലാം ചൊല്ലുകയും ചെയ്യുക. എന്റെ ജീവൻ കയ്യിലിരിക്കുന്നവനെക്കൊണ്ട് സത്യം! അദ്ദേഹത്തിന്റെമേൽ സലാം പറയുന്നവരുടെമേൽ ഖിയാമത്തു നാൾവരെ അവരുടെ സലാമിനു മറുപടി നല്കിക്കൊണ്ടിരിക്കുന്നതാണ്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇപ്രകാരം വിവരിക്കുന്നു: ജാഹിലിയ്യാ കാലത്ത് മക്കയിലെ യുവാക്കൾക്കിടയിൽ മിസ്അബ് ശുഭ്രവസ്ത്രധാരിയും ചുറുചുറുക്കുള്ളയാളും ധന്യമായ ജീവിതം നയിക്കുന്നയാളുമായിരുന്നു. മുസ്‌ലിമായതിനുശേഷം അദ്ദേഹത്തിന്റെ അവസ്ഥ തികച്ചും മാറി. ഒരിക്കൽ നബി ﷺ അദ്ദേഹത്തെ തുന്നിക്കൂട്ടിയ വസ്ത്രം ധരിച്ച നിലയിൽ കാണാനിടയായി. അപ്പോൾ തിരുമേനിക്ക് അദ്ദേഹത്തിന്റെ പഴയകാല ജീവിതം ഓർമ്മ വന്നു. അങ്ങയുടെ മിഴികൾ നനഞ്ഞു. ഉഹദിൽ ശഹീദായപ്പോൾ അദ്ദേ

ഹത്തിന്റെ ശരീരം മറക്കാൻ പോലും വസ്ത്രമുണ്ടായിരുന്നില്ല. കാലു മൂടുമ്പോൾ തലയും തല മൂടുമ്പോൾ കാലും വെളിവാകുമായിരുന്നു. നബി ﷺ യുടെ കല്പന പ്രകാരം തല തുണികൊണ്ട് മൂടുകയും കാലുകൾ പുല്ല്വച്ച് മൂടുകയും ചെയ്തു.

ഹദ്റത്ത് അലിയ്യുബ്നു അബൂത്വാലിബ് നിവേദനം ചെയ്യുന്നു: നബി ﷺ പറഞ്ഞു: എല്ലാ പ്രവാചകൻമാർക്കും അല്ലാഹു ഏഴു പ്രതിനിധികളെ നല്കിയിട്ടുണ്ട്. എനിക്ക് പതിനാല് പേരെ നല്കിയിരിക്കുന്നു. അത് ആരെല്ലാമാണെന്ന് ഞങ്ങൾ ചോദിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: എന്റെ രണ്ട് പേരക്കുട്ടികളായ ജഅ്ഫറും ഹംസയും പിന്നെ അബൂബക്കർ, ഉമർ, മിസ്അബുബ്നു ഉമൈർ, ബിലാൽ, സൽമാൻ, മിഖ്ദാദ്, അബൂദർ, അമ്മാർ, അബ്ദുല്ലാഹിബ്നു മസ്ഊദ് എന്നിവർ. ഹദ്റത്ത് ആമിറുബ്നു റബീഅ നിവേ ദനം ചെയ്യുന്നു: അദ്ദേഹത്തിന്റെ പിതാവ് പറയുമായിരുന്നു, മിസ്അബുബ്നു ഉമൈറിനെക്കാളും സൽസ്വഭാവിയായ മറ്റൊരാളെയും ഞാൻ കണ്ടിട്ടില്ല.

ഉഹദ് യുദ്ധം കഴിഞ്ഞ് നബി ﷺ മദീനയിൽ തിരിച്ചെത്തിയപ്പോൾ ഹദ്റത്ത് മിസ്അബുബ്നു ഉമൈറിന്റെ പത്നിയായ ഹദറത്ത് ഹംന ബിൻത് ജഹശുമായി കണ്ടുമുട്ടി. ജനങ്ങൾ അവരുടെ സഹോദരൻ അബ്ദുല്ലാഹുബ്നു ജഹശ് ശഹീദായ വാർത്തയറിയിച്ചു. അപ്പോൾ അവർ إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്തു. പിന്നീട് ആളുകൾ അവരുടെ അമ്മാവനായ ഹദ്റത്ത് ഹംസയുടെ ശഹാദത്തിനെക്കുറിച്ച് പറഞ്ഞപ്പോൾ അവർ إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ എന്നു ചൊല്ലി അദ്ദേഹത്തിന്റെ മഗ്ഫിറത്തിനായി ദുആ ചെയ്തു. അതിനുശേഷം ജനങ്ങൾ അവരുടെ ഭർത്താവായ മിസ്അബുബ്നു ഉമൈർ ശഹീദായ വാർത്തയറിയിച്ചു. അപ്പോൾ അവർ കരയുകയും അസ്വസ്ഥയാകുകയും ചെയ്തു. അപ്പോൾ തിരുനബി ﷺ പറഞ്ഞു: ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം അവളുടെ ഭർത്താവിന് പ്രത്യേകമൊരു സ്ഥാനവും പദവിയുമുണ്ട്.

തുടർന്ന് ഹുസൂർ പറഞ്ഞു: ഹദ്റത്ത് മിസ്അബിനെക്കുറിച്ചുള്ള വിവരണം ഇവിടെ അവസാനിച്ചിരിക്കുന്നു. അടുത്ത സ്വഹാബിയെക്കുറിച്ചു പിന്നീട് വിവരിക്കുന്നതാണ്. ഇനി ഇപ്പോൾ വ്യാപിച്ചുകൊണ്ടിരിക്കുന്ന പകർച്ച വ്യാധി കൊറോണാ വൈറസിനെക്കുറിച്ച് ജമാഅത്തംഗങ്ങളെ ബോധവൽക്കരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭരണകൂടങ്ങളിൽനിന്നും വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സുരക്ഷാ നിർദേശങ്ങൾ നാം പാലിക്കേണ്ടതാണ്. ആരംഭത്തിൽത്തന്നെ ഹോമിയോ ചികിത്സകന്മാരുമായി കൂടിയാലോചിച്ച് പ്രതിരോധമെന്ന നിലക്കും ചികിത്സയെന്ന നിലയ്ക്കും ചില ഹോമിയോ മരുന്നുകൾ നിർദേശിച്ചിരുന്നു. അല്ലാഹു അതിൽ ശിഫാ (രോഗശമന ശേഷി) നല്കുമാറാകട്ടെ. അതുപയോഗിക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം തന്നെ അറിയിപ്പുകൾ ഉണ്ടായിരിക്കുന്നപോലെ സുരക്ഷാ മാർഗങ്ങളും പാലിക്കേണ്ടതാണ്. കൂട്ടം കൂടുന്നതിൽനിന്നും വിട്ടുനില്ക്കേണ്ടത് ആവശ്യമാണ്. പള്ളികളിൽ വരുന്നവരും ശ്രദ്ധിക്കേണ്ടതാണ്. ചെറിയ തോതിലുള്ള പനി, ശരീരവേദന, തുമ്മൽ, ജലദോഷം തുടങ്ങിയവ ഉണ്ടെങ്കിൽ പള്ളിയിൽ വരാതിരിക്കുക. പള്ളികളുടെയും ചില മര്യാദകളുണ്ട്. മറ്റുള്ളവർക്ക് പകരുന്ന ഏതു തരം അസുഖമുണ്ടെങ്കിലും പള്ളിയിൽ വരുന്നത് വളരെ സൂക്ഷിക്കണം. ഈ സമയത്ത് പ്രത്യേകിച്ചും തുമ്മുമ്പോൾ വായയും മൂക്കും കൈകൊണ്ടോ തൂവാലകൊണ്ടോ പൊത്തിപ്പിടിക്കുക. ഞാൻ പറഞ്ഞതുപോലെ വളരെ ശ്രദ്ധിക്കേണ്ട സമയമാണിത്. കയ്യും മുഖവും വൃത്തിയായി സൂക്ഷിക്കുകയാണ് ഡോക്ടർമാർ നിർദേശിക്കുന്ന സുരക്ഷാ മാർഗം. കൈകൾ വൃത്തിയില്ലാത്തതാണെങ്കിൽ മുഖത്ത് കൈ വെക്കരുത്. കൈകളിൽ സാനിറ്റൈസർ ഉപയോഗിച്ചുകൊണ്ടിരിക്കുക. അല്ലെങ്കിൽ കൈ കഴുകിക്കൊണ്ടിരിക്കുക. ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം അഞ്ചുനേരം നമസ്കരിക്കുന്നയാളാണെങ്കിൽ കൃത്യമായി വുളു ചെയ്യുന്നതിലൂടെ മൂക്ക് എപ്പോഴും വൃത്തിയായിരിക്കുന്നതാണ്. ശുചിത്വത്തിന്റ ഉന്നത നിലവാരം പുലർത്തുകയും സാനിറ്റൈസറിന്റ കുറവ് നികത്തുകയും ചെയ്യുന്നതാണ്. ചുരുക്കത്തിൽ, ശരിയായി വുളു ചെയ്യുന്നതിലൂടെ ശാരീരിക ശുചിത്വവും വുളു ചെയ്ത് നമസ്കരിക്കുമ്പോൾ മനുഷ്യന് ആത്മീയ ശുചിത്വവും ലഭ്യമാകുന്നു. ഇക്കാലത്ത് പ്രത്യേകമായ നിലയിൽ വളരെയധികം ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. പള്ളിയുടെ മര്യാദയുമായി ബന്ധപ്പെട്ട് പറയുമ്പോൾ ഒരു കാര്യം കൂടി പറയാനുണ്ട് അതായത് സാധാരണ ദിവസങ്ങളിലും പ്രത്യേകിച്ചു തണുപ്പുകാലത്തും സോക്സ് ധരിച്ച് പള്ളിയിൽ വരുന്നവർ ദിവസവും സോക്സ് മാറ്റി ധരിക്കുകയും കഴുകുകയും ചെയ്യേണ്ടതാണ്. സോക്സിൽനിന്നുള്ള ദുർഗന്ധത്താൽ കൂടെനിന്ന് നമസ്കരിക്കുന്നവർക്കും പുറകിലെ സ്വഫ്ഫിൽ നിന്ന് നമസ്കരിക്കുന്നയാൾക്ക് സുജൂദു ചെയ്യുന്നതിലും ബുദ്ധമുട്ടുണ്ടാകുന്നു. ഇക്കാര്യവും ശ്രദ്ധിക്കേണ്ടതാണ്. വെളുത്തുള്ളി, ഉള്ളി തുടങ്ങിയ ദുർഗന്ധമുള്ള ഒന്നും കഴിച്ച് പള്ളിയിൽ വരരുത് എന്നതാണ് തിരുനബി ﷺ യുടെ കല്പന. മറിച്ച് പള്ളികളിൽ വരുമ്പോൾ സുഗന്ധം പൂശി വരേണ്ടതാണ്. ഇക്കാര്യത്തിൽ എത്രമാത്രം ശ്രദ്ധിച്ചിരുന്നുവെന്നാൽ നബി ﷺ പറയുകയുണ്ടായി പച്ചമാംസവുമായി പള്ളിയിലൂടെ കടന്നുപോകുക പോലും ചെയ്യരുത്. ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ അതിനർഥം ആ ന്യായവും പറഞ്ഞ് പള്ളിയിൽ വരുന്നത് നിർത്തണെമെന്നല്ല. സ്വന്തം അവസ്ഥ മനസ്സിലാക്കി സ്വന്തം മനസ്സിനോട് ഫത്വ ചോദിക്കുക. അല്ലാഹു ഹൃദയങ്ങളിലുള്ളത് അറിയുന്നവനാണെന്ന് ഓർക്കുക.

അതുകൊണ്ട് ആരെങ്കിലും രോഗിയാണെങ്കിൽ ഡോക്ടറെ കണ്ട് അത് ഏതു തരത്തിലുള്ള രോഗമാണെന്ന് തൃപ്തിപ്പെടുക. എങ്കിലും അല്പദിവസം മാറിനില്ക്കുന്നതാണ് ഉത്തമം. ഹസ്തദാനം ചെയ്യുന്നതിലൂടെ സ്നേഹ ബന്ധങ്ങൾ വർധിക്കുമെങ്കിലും ഈ സമയത്ത് രോഗം കാരണമായി അതിൽനിന്നും വിട്ടുനിൽക്കുന്നതായിരിക്കും ഉത്തമം. സ്ത്രീകളും പുരുഷന്മാരും പരസ്പരം ഹസ്തദാനം ചെയ്യുന്ന രീതി ഇസ്ലാമിൽ വിലക്കപ്പെട്ടതാണെന്ന് നാം വളരെ സ്നേഹത്തോടെ അവരോടു പറഞ്ഞിരുന്നപ്പോൾ അല്ലാഹുവിന്റെ അത്തരം കലപനകളോട് അവർക്ക് വിയോജിപ്പായിരുന്നു. വലിയ കോലാഹലങ്ങൾ സൃഷ്ടിച്ചിരുന്നു. എന്നാൽ ഇപ്പോൾ കേൾക്കാൻ സാധിക്കുന്നത് ഭരണ വകുപ്പുകളിലും വിവിധ സ്ഥലങ്ങളിലും പരുക്കൻ സ്വഭാവത്തോടെ ഹസ്തദാനം ചെയ്യുന്നത് എതിർക്കുന്നുവെന്നാണ്. ഈ മഹാമാരി എത്രത്തോളം വ്യാപിക്കുമെന്നും എത്രകാലം നീണ്ടുനിൽക്കുമെന്നും അല്ലാഹുവിനു മാത്രമേ അറിയൂ. അല്ലാഹുവിന്റെ വിധിയാണ്. ഈ രോഗം അല്ലാഹുവിന്റെ കോപം കാരണമാണെങ്കിൽ ഇതിൽനിന്നും അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ആഗമനത്തിനുശേഷം അധികമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മഹാമാരികൾ, ഭൂകമ്പങ്ങൾ, കൊടുങ്കാറ്റുകൾ തുടങ്ങിയ അല്ലാഹുവിന്റെ വിധിയുടെ ദോഷങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനായി അല്ലാഹുവിലേക്ക് തിരിയേണ്ടത് വളരെ അനിവാര്യമാണ്. ഈ ദിനങ്ങളിൽ ഓരോ അഹ്മദിയും ദുആയിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ ആത്മീയാവസ്ഥവും മെച്ചപ്പെടുത്തുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ലോകത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് നേർമാർഗം പ്രദാനം ചെയ്യട്ടെ. ഭൗതികമായ കാര്യങ്ങളിൽ മാത്രം വ്യാപൃതരായിക്കൊണ്ട് ദൈവത്തെ മറന്നുകളയുന്നതിനു പകരം സ്വന്തം സ്രഷ്ടാവിനെ തിരിച്ചറിയുവാനുള്ള സൗഭാഗ്യം അല്ലാഹു അവർക്കു നല്കുമാറാകട്ടെ.

ഞാൻ ചില ജനാസാ ഗാഇബ് നമസ്കാരം നമസ്കരിപ്പിക്കുന്നതാണ്. അഖീൽ അഹ്മദ് ഭട്ട് സാഹിബിന്റെ മകൻ തൻസീൽ അഹ്മദ് ഭട്ടിന്റെയാണ് ആദ്യത്തെ ജനാസ. 2020 ഫെബ്രുവരി 27 ന് അയൽവാസിയായ സ്ത്രീ വളരെ ക്രൂരമായി കൊലപ്പെടുത്തുകയായിരുന്നു. إِنَّا لِلّٰهِ وَإِنَّآ إِلَيْهِ رٰجِعُوْنَ പാക്കിസ്ഥാനിൽ മൗലവിമാരുടെ ഫത്വകൾ കാരണമായി അഹ്മദികളെ ഏതെങ്കിലും കാരണം പറഞ്ഞ് കൊലപ്പെടുത്തുക എളുപ്പമുള്ള കാര്യമായിരിക്കുകയാണ്. ഇതും അത്തരത്തിലുള്ള ഒരു കൊല തന്നെയാണ്. ഈ പ്രിയങ്കരനായ കുട്ടിയെ ഞാൻ ശുഹദാക്കളിൽ ഉൾപ്പെടുത്തുകയാണ്. കാരണമേതായാലും അഹ്മദിയ്യത്തിനോടുള്ള വിദ്വേഷമാണ് ഇതിനു പിന്നിലുള്ളത്. തൻസീൽ അഹ്മദ് ഭട്ട് 2009 നവംബർ 20 ന് ലാഹോറിൽ ജനിച്ചു. വഖ്ഫെ നൗ പദ്ധതിയിൽ അംഗമായിരുന്നു. നമസ്കാരത്തിനായി വളരെ കൃത്യമായി പള്ളിയിൽ പോകുമായിരുന്നു. അല്ലാഹു അവനെ തന്റെ പ്രിയപ്പെട്ടവരിൽ ഉൾപ്പെടുത്തുമാറാകട്ടെ. ഘാതകർക്ക് അല്ലാഹു തക്കതായ ശിക്ഷ നല്കുമാറാകട്ടെ. മാതാപിതാക്കൾക്ക് സഹനവും സമാധാനവും നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഡോക്ടർ മുഹമ്മദ് അബ്ദുല്ലാഹ് സാഹിബിന്റെ മകനായിരുന്ന ബ്രിഗേഡിയർ ബഷീർ അഹ്മദ് സാഹിബിന്റേതാണ്. റാവൽപിണ്ഡി ജില്ലയുടെ മുൻ അമീറായിരുന്നു അദ്ദേഹം. ഫെബ്രുവരി 16 ന് റാവൽപിണ്ഡിയിൽ 87 ാം വയസ്സിൽ അദ്ദേഹം വഫാത്തായി. إِنَّا لِلّٰهِ وَإِنَّآ إِلَيْهِ رٰجِعُوْنَ

മൂന്നാമത്തെ ജനാസ ഡോക്ടർ ഹമീദുദ്ദീൻ സാഹിബിന്റേതാണ്. ഗഖോവാൽ ഫൈസലാബാദ് നിവാസിയായിരുന്നു. 2020 ഫെബ്രുവരി 29 ന് അദ്ദേഹം വഫാത്തായി. إِنَّا لِلّٰهِ وَإِنَّآ إِلَيْهِ رٰجِعُوْنَ അല്ലാഹു പരേതനോട് മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. തന്റെ തലമുറകൾക്ക് കൂറോടെ തങ്ങളുടെ ബൈഅത്തിന്റെ കടമകൾ പൂർത്തിയാക്കുവാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. (ആമീൻ).

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Baitul Futuh, London, UK. – on 06.03.2020
Malayalam Translation: **Moulavi Hashim Ashraf Alappuzha** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516